സാമൂഹിക പ്രത്യാഘാത പഠനം
മുടിക്കോട് പാലം അപ്രോച്ച് റോഡ് നിർമ്മാണം
പന്തല്ലൂർ, പയ്യനാട് വില്ലേജുകൾ, ഏറനാട് താലൂക്ക്, മലപ്പുറം ജില്ല
0.0283 ഹെക്ടർ

അന്തിമ റിപ്പോർട്ട്
തീയതി :06/09/2022

റിക്വസിഷൻ അധികാരി
പി.ഡബ്ല്യു.ഡി പാലങ്ങൾ വിഭാഗം


കേരളാ വോളന്ററി ഹെൽത്ത് സർവ്വീസസ്
കളക്ട്രേറ്റ് പി.ഒ, മുള്ളൻകുഴി, കോട്ടയം : 686002
ഫോൺ : 0481 2572781, 2573875
E-mail :keralavhs@yahoo.co.in
Web :www.keralavhs.org



KERALA VHS
MULLANKUZHY
KOTTAYAM-2
COLLECTORATE P.O.

## ഉള്ളടക്കം


1. ആമുഖം

1.1 പദ്ധതിയും പൊതു ആവശ്യവും

1.2 പദ്ധതി പ്രദേശം

1.3. ഭൂമി ഏറ്റെടുക്കൽ - വ്യാപ്തിയും നടപടിക്രമങ്ങളും

(എ). ഭൂമി ഏറ്റെടുക്കൽ അധികാരി

(ബി). പദ്ധതി ബാധിതരുടെ വിവരങ്ങൾ

(സി). ഏറ്റെടുക്കുന്ന ഭൂമിയുടെ വിവരണം.

(ഡി).പദ്ധതി ബാധിതരുടെ സാമൂഹിക, സാമ്പത്തിക, സാംസ്കാരിക വിവരങ്ങൾ

1.4. പദ്ധതിയും നടപ്പാക്കൽ ഏജൻസിയും

(എ). നടപ്പാക്കൽ ഏജൻസി

(ബി). പദ്ധതി നിർവ്വഹണ ഘട്ടം

(സി). പദ്ധതിയെ ബാധിക്കുന്ന നിയമങ്ങളും നയങ്ങളും

1.5. പദ്ധതി സംബന്ധമായ ഇതര മാർഗ്ഗ നിർദ്ദേശങ്ങൾ

1.6. സമീപനവും രീതി ശാസ്ത്രവും

(എ). പശ്ചാത്തലം

(ബി). സാമൂഹിക പ്രത്യാഘാത പഠന യൂണിറ്റ് ടീമിന്റെ ഘടനയും വിവരങ്ങളും

(സി). പഠന സമീപനം

(ഡി). നടപടികളും സമയക്രമങ്ങളും

(ഇ). പദ്ധതി ബാധിതനുമായുള്ള കൂടിക്കാഴ്ചയിൽ ഉന്നയിക്കപ്പെട്ട പ്രധാന അഭിപ്രായങ്ങൾ

(എഫ്). പൊതു അഭിപ്രായ സ്വീകരണം

1.7. പദ്ധതി പ്രദേശത്ത് ഉണ്ടായേക്കാവുന്ന പൊതുവായ പ്രത്യാഘാതം

1.8. സാമൂഹിക പ്രത്യാഘാതം

1.9. പുനരധിവാസ പുനഃസ്ഥാപന പ്രക്രിയയിൽ ഉൾപ്പെടുത്തേണ്ട നിബന്ധനകൾ

1.10 .സാമൂഹിക പ്രത്യാഘാത പഠനത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതിക്ക് വരുത്തേണ്ട മാറ്റങ്ങളും കൂട്ടിചേർക്കേണ്ട കാര്യങ്ങളും

1.11. പ്രത്യാഘാത ലഘൂകരണം

1.12. പ്രത്യാഘാത ലഘൂകരണ നടപടികൾ


KERALA V H S MULLANKUZHY KOTTAYAM-2 COLLECTORATE P.O.

1.13. സാമൂഹ്യ പ്രത്യാഘാത പരിഹാര നിർവ്വഹണ പദ്ധതിയുടെ സ്ഥാപന ഘടനാ സംവിധാനം

1.14- സാമൂഹിക പ്രത്യാഘാത കാര്യ നിർവ്വഹണ പദ്ധതി-പ്രധാനപ്പെട്ട മേൽനോട്ട വിലയിരുത്തൽ സൂചകങ്ങൾ

1.15. സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ

അനുബന്ധരേഖകൾ

1. പദ്ധതി ബാധിതരുടെ പേരു വിവരങ്ങൾ
2. ഫോട്ടോഗ്രാഫ്
3. പത്രപരസ്യം (ഫോറം. നം. 5 നോട്ടിഫിക്കേഷൻ)
4. നോട്ടീസ്
5. പൊതു അഭിപ്രായ സ്വീകരണ ഹാജർ
6. ഗസറ്റ് നോട്ടിഫിക്കേഷൻ

KERALA VHS
MULLANKUZHY
KOTTAYAM-2
COLLECTORATE P.O.

**സാമൂഹിക പ്രത്യാഘാത പഠനം**
**മുടിക്കോട് പാലം അപ്രോച്ച് റോഡ് നിർമ്മാണം**
**പന്തല്ലൂർ, പയ്യനാട് വില്ലേജുകൾ, ഏറനാട് താലൂക്ക്, മലപ്പുറം ജില്ല**
**0.0283 ഹെക്ടർ**

**പഠന റിപ്പോർട്ട്- രത്ന ചുരുക്കം**

**1.1 ആമുഖം - പദ്ധതിയും പൊതു ആവശ്യവും**

മലപ്പുറം ജില്ലയിലെ ഏറനാട് താലൂക്കിലെ മഞ്ചേരി മുനിസിപ്പാലിറ്റിയേയും, ആനക്കയം പഞ്ചായത്തിനേയും പരസ്പരം ബന്ധിപ്പിക്കുകയും, മുടിക്കോട് - വള്ളുവനാട് റോഡിൽ, കടലുണ്ടി പുഴയുടെ മുകളിലായി സ്ഥിതിചെയ്യുന്ന, മുടിക്കോട് പാലം രണ്ടായിരത്തി പതിനഞ്ചിൽ ഗതാഗതത്തിന് തുറന്ന് കൊടുക്കുകയും, പ്രാദേശിക വികസനത്തിന് ആയത് വലിയ സഹായം ചെയ്യുകയും ചെയ്തു. എന്നാൽ ശരിയായ വീതിയിൽ ഉള്ള അപ്രോച്ച് റോഡിന്റെ അഭാവം, ഭാരവണ്ടികൾക്ക് പാലത്തിലേക്ക് സുഗമമായി കടക്കുന്നതിനും വീതി കുറഞ്ഞ റോഡിന്റെ ശേഷം ഭാഗത്തേക്ക് നീങ്ങുന്നതിനും തടസ്സങ്ങൾ സൃഷ്ടിക്കുന്നു. കൂടാതെ ശരിയായ വീതിയിൽ ഉള്ള അപ്രോച്ച് റോഡ് പാലത്തിന്റെ ദീർഘകാലം സുരക്ഷിതത്വത്തിനും, സംരക്ഷണത്തിനും ആവശ്യമാണ്. ഈ കാര്യങ്ങൾ മുൻ നിർത്തി 2016-17 ൽ തന്നെ ഗവൺമെന്റ് പാലത്തിന്റെ സമീപസ്ഥരായ ഭൂ ഉടമസ്ഥരുമായി ചർച്ച നടത്തുകയും, ഭൂമി ലഭ്യമാക്കേണ്ടതിന്റെ ആവശ്യകത അവതരിപ്പിക്കുകയുണ്ടായി. എന്നാൽ തുടർന്ന് ചില സാങ്കേതിക പ്രശ്നങ്ങളുടെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിഞ്ഞില്ല. 2022 - ൽ പദ്ധതിയുടെ പ്രാധാന്യം ഉൾക്കൊണ്ട് ഗവൺമെന്റ് ഭൂമി ഏറ്റെടുക്കുന്ന നടപടികളുമായി മുന്നോട്ട് വരുകയും പ്രാരംഭ നടപടികളുമായി പദ്ധതിയുടെ നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുകയും, സാമൂഹ്യ പ്രത്യാഘാത പഠനത്തിനായി പദ്ധതി സമർപ്പിക്കുകയും ആയിരുന്നു. പ്രസ്തുത പഠനത്തിന്റെ റിപ്പോർട്ട് തയ്യാറാക്കുന്നതിന്റെ ഭാഗമായി ആണ് ഈ അന്തിമ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്

**1.2. പദ്ധതി പ്രദേശം**

മുടിക്കോട് പാലം സ്ഥിതിചെയ്യുന്ന മഞ്ചേരി മുൻസിപ്പാലിറ്റി. ആനക്കയം പഞ്ചായത്ത് ഭാഗങ്ങളാണ് പദ്ധതി പ്രദേശം. മുസ്ലീം ഭൂരിപക്ഷമായ പദ്ധതി പ്രദേശം താമസ്സപ്രധാന മേഖലയാണ്. എന്നാൽ കടലുണ്ടിപ്പുഴയുടെ തീരപ്രദേശം ആയതുകൊണ്ട് തന്നെ കാർഷിക മേഖലയുമാണ്. മഞ്ചേരി പട്ടണത്തിൽ നിന്നും കേവലം പത്ത് കീലോമീറ്ററും, ജില്ലാ ആസ്ഥാനത്ത് നിന്ന് 16 കീലോമീറ്ററും അകലെയായി സ്ഥീതിചെയ്യുന്ന പദ്ധതി പ്രദേശം ജനസാന്ദ്രതകൊണ്ട് സംസ്ഥാന ശരാശരിയേക്കാൾ മുന്നിട്ട് നിൽക്കുന്നു. നാണ്യവിളകൾക്ക് മുൻതൂക്കമുള്ള കാർഷികമേഖലയായ പദ്ധതി പ്രദേശം വെള്ളപ്പൊക്ക സാധ്യത വളരെ കൂടിയ സ്ഥലമാണ്. സാക്ഷരത, ആരോഗ്യ സൂചകങ്ങൾ, സ്ത്രീപുരുഷ അനുപാതം എന്നിവയിലെല്ലാം സംസ്ഥാന ശരാശരിയോടൊപ്പമോ, അതിൽ കൂടുതലോ രേഖപ്പെടുത്തുന്ന സാമൂഹ്യ-സാമ്പത്തിക സാഹചര്യമാണ് പദ്ധതിപ്രദേശത്ത് ഉള്ളത്.

KERALA VHS ★ MULLANKUZHY KOTTAYAM-2 ★ COLLECTORATE P.O.

### 1.3. ഭൂമി ഏറ്റെടുക്കൽ - വ്യാപ്തിയും നടപടിക്രമങ്ങളും

**(എ). ഭൂമി ഏറ്റെടുക്കൽ അധികാരി**

സ്പെഷ്യൽ തഹസിൽദാർ,(എൽ.എ,) ജനറൽ, മലപ്പുറം ഓഫീസാണ് പദ്ധതി സംബന്ധമായ ഭൂരേഖകൾ തയ്യാറാക്കിയതും ഏറ്റെടുക്കൽ സംബന്ധമായ നടപടികൾ ആരംഭിച്ചതും. ഏറ്റെടുക്കുന്ന ഭൂമിയുടെ പ്രാഥമിക സ്കെച്ചുകൾ രൂപപ്പെടുത്തുകയും, അതിർത്തി കല്ലുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഡെപ്യൂട്ടി കളക്ടർ (ഭൂമി ഏറ്റെടുക്കൽ) ആണ് ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിപ്പിക്കുന്നത്.

**(ബി). പദ്ധതി ബാധിതരുടെ വിവരങ്ങൾ**

ഒൻപത് ഭൂഉടമസ്ഥരെയാണ് പദ്ധതി ബാധിതരായി കണക്കാക്കുന്നത്. പദ്ധതി ബാധിതർ എല്ലാവരും തന്നെ മുസ്ലീം മത വിശ്വാസികൾ ആണ്. പദ്ധതി ബാധിതരുടെ സാക്ഷരത നില വാരം സൂചിപ്പിക്കുന്നത് എല്ലാവരും സാക്ഷരരാണ് എന്നാണ്. ഭൂ ഉടമസ്ഥരിൽ മൂന്ന് പേർ സ്ത്രീകൾ ഭൂഉടമസ്ഥരായിട്ടുള്ളവരാണ്. ഭൂഉടമസ്ഥരുടെ പ്രായ വിതരണം സൂചിപ്പിക്കുന്നത് എല്ലാവരും തന്നെ അമ്പത് വയസ്സിന് മുകളിൽ പ്രായമുള്ളവരാണ് എന്നാണ്. സാമ്പത്തിക വിതരണം സംബന്ധമായ കണക്കുകൾ സൂചിപ്പിക്കുന്നത് ഒരു കുടുംബം ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളത് എന്നാണ്.

**(സി). ഏറ്റെടുക്കുന്ന ഭൂമിയുടെ വിവരണം.**

കടലുണ്ടിപ്പുഴയുടെ രണ്ട് തീരപ്രദേശം ആയ മഞ്ചേരി മുൻസിപ്പാലിറ്റി നെല്ലിക്കുത്ത് ഹൈസ്കൂൾ വാർഡും, ആനക്കയം പഞ്ചായത്ത് മുടിക്കോട് വാർഡും തമ്മിൽ ബന്ധിപ്പിക്കുന്ന മുടിക്കോട് പാലത്തിന് ഇരുകരകളിലുമായി 5-100 മീറ്റർ വരെ വരുന്ന മുടിക്കോട് - വള്ളുവനാട് പൊതുമരാമത്ത് റോഡന്റെ ഇരുവശങ്ങളുമാണ് പദ്ധതി പ്രദേശം.. ഒരു വാടക ഭവനത്തിന്റെ വടക്ക് വശത്തെ മുറ്റഭാഗം, വാതിൽ എന്നിവ നഷ്ടപ്പെടുന്നതൊഴിച്ചാൽ മറ്റ് ഭാഗങ്ങൾ പദ്ധതിബാധിതമല്ല. എന്നാൽ ഒൻപത് ഭൂ ഉടമസ്ഥരുടെ ഭൂമി പദ്ധതി പ്രദേശത്ത് ഉൾപ്പെടുന്നു. രണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ (മഞ്ചേരി മുൻസിപ്പാലിറ്റി, ആനക്കയം പഞ്ചായത്ത്) അധികാര പരിധി പദ്ധതി പ്രദേശത്ത് കടന്ന് വരുന്നു. തികച്ചും കാർഷികപ്രധാന പ്രദേശത്തുള്ള അഞ്ച് ഭൂ ഉടമസ്ഥരുടെ ഭൂമിയുടെ പൊതുമരാമത്ത് റോഡ് അരികത്ത് ഉള്ള ഭാഗം, ഒരു വാടക ഭവനത്തിന്റെ സമീപസ്ഥ സ്ഥലം എന്നിവയാണ് പദ്ധതി പ്രദേശത്തിന്റെ സ്വഭാവം.

**(ഡി).പദ്ധതി ബാധിതരുടെ സാമൂഹിക, സാമ്പത്തിക, സാംസ്കാരിക വിവരങ്ങൾ**

ഒൻപത് ഭൂഉടമസ്ഥരെയാണ് പദ്ധതി ബാധിതരായി കണക്കാക്കുന്നത്. പദ്ധതി ബാധിതർ എല്ലാവരും തന്നെ മുസ്ലീം മത വിശ്വാസികൾ ആണ്. പദ്ധതി ബാധിതരുടെ സാക്ഷരത നില വാരം സൂചിപ്പിക്കുന്നത് എല്ലാവരും സാക്ഷരരാണ് എന്നാണ്. ഭൂ ഉടമസ്ഥരിൽ മൂന്ന് പേർ സ്ത്രീകൾ ഭൂഉടമസ്ഥരായിട്ടുള്ളവരാണ്. ഭൂഉടമസ്ഥരുടെ പ്രായ വിതരണം സൂചിപ്പിക്കുന്നത്



KERALA V H S MULLANKUZHY KOTTAYAM-2 COLLECTORATE P.O.

എല്ലാവരും തന്നെ അമ്പത് വയസ്സിന് മുകളിൽ പ്രായമുള്ളവരാണ് എന്നാണ്. സാമ്പത്തിക വിതരണം സംബന്ധമായ കണക്കുകൾ സൂചിപ്പിക്കുന്നത് ഒരു കുടുംബം ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളത് എന്നാണ്.

## 1.4. പദ്ധതിയും നടപ്പാക്കൽ ഏജൻസിയും

**(എ). നടപ്പാക്കൽ ഏജൻസി - പൊതുമരാമത്ത് വകുപ്പ് ( പാലം വിഭാഗം)**

മുടിക്കോട് പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണ പ്രവർത്തനങ്ങളുടെ നടപ്പാക്കൽ ഏജൻസിയായി ഗവൺമെന്റ് നിശ്ചയിച്ചിരിക്കുന്നത് പൊതുമരാമത്ത് പാലം വിഭാഗത്തെയാണ്. കേരള പൊതുമരാമത്ത് വകുപ്പ് ഇപ്പോൾ കേരളത്തിലെ 33593 കിലോമീറ്റർ റോഡ് പരിരക്ഷിക്കുന്ന സംസ്ഥാനത്തിന്റെ ഗതാഗത രംഗത്ത് സുപ്രധാന പങ്ക് വഹിക്കുന്ന വകുപ്പാണ്. ഇതിൽ 27470 കിലോമീറ്ററും പ്രധാനപ്പെട്ട ജില്ലാ റോഡുകളാണ്. രാജ ഭരണ കാലത്ത് റോഡുകളുടെ വികസനത്തിനുവേണ്ടി സ്ഥാപിതമായ മരാമത്ത് വകുപ്പ് എന്ന് അറിയപ്പെട്ടിരുന്ന വകുപ്പ് അന്ന് തന്നെ 1000 മൈൽ റോഡുകളുടെ വികസനം ലക്ഷ്യം വച്ചിരുന്നു.

ഇന്ന് അഞ്ച് ചീഫ് എഞ്ചിനീയറന്മാരുടെ കീഴിൽ 20 സൂപ്രണ്ടിങ്ങ് എഞ്ചിനീയർമാരും, 76 എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും, 639 അസിസ്റ്റന്റ് എഞ്ചിനീയറന്മാരും മറ്റ് സഹായികളും ഉള്ള ഒരു വലിയ ഉദ്യോഗസ്ഥ ശൃംഖലയാണ്.

**(ബി).പദ്ധതി നിർവ്വഹണ ഘട്ടം**

ബഹുമാനപ്പെട്ട ഗവൺമെന്റ് പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. നടപ്പാക്കൽ സംബന്ധമായി സർക്കാർ നടപ്പാക്കൽ ഏജൻസിക്ക് അനുമതി പത്രം നൽകുകയും ഭൂമി ഏറ്റെടുക്കൽ വിഭാഗം പ്രാഥമിക സർവ്വേ നടത്തുകയും ഏറ്റെടുക്കുന്ന ഭൂമിയുടെ അതിരുകൾ നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ ഭാഗമായി ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു.

**(സി).പദ്ധതിയെ ബാധിക്കുന്ന നിയമങ്ങളും നയങ്ങളും**

| ക്രമ നം. | നിയമവും നയങ്ങളും | ബാധിക്കുന്ന മേഖല |
|---|---|---|
| 1. | ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ചട്ടങ്ങളും | പ്രത്യാഘാത ലഘൂകരണം |
| 2. | ഭൂമി ഏറ്റെടുക്കൽ നിയമം 1894<br>ഭൂമി ഏറ്റെടുക്കൽ നിയമം (കേരളാ ചട്ടങ്ങൾ 1990)<br>ഭൂമി ഏറ്റെടുക്കൽ നിയമം 1961<br>ഭൂമി ഏറ്റെടുക്കൽ നിയമം<br>ചട്ടങ്ങൾ<br>ഗവൺമെന്റിന്റെ പുനരധിവാസ പുനസ്ഥാപന നയം | ഭൂമി ഏറ്റെടുക്കൽ<br>പുനരധിവാസവും പുനസ്ഥാപനവും |



KERALA V H S ★ MULLANKUZHY KOTTAYAM-2 ★ COLLECTORATE P.O.

### 1.5. പദ്ധതി സംബന്ധമായ ഇതര മാർഗ്ഗ നിർദ്ദേശങ്ങൾ

സാമൂഹ്യ പ്രത്യാഘാത പഠന സമയത്ത് പ്രദേശ വാസികളോ, ജന പ്രതിനിധികളോ പദ്ധതിക്ക് ബദൽ നിർദ്ദേശങ്ങൾ സമർപ്പിക്കുകയുണ്ടായില്ല. വർഷങ്ങൾക്ക് മുൻപ് നടപ്പാക്കപ്പെട്ട മുടിക്കോട് പാലം പദ്ധതിയുടെ സുസ്ഥിരതയ്ക്ക് ഉള്ള പദ്ധതി എന്ന നിലയിൽ ബദൽ നിർദ്ദേശങ്ങൾ പ്രായോഗികമല്ല.

## 1.6 സമീപനവും രീതി ശാസ്ത്രവും

**(എ). പശ്ചാത്തലം**

കേരളാ ഗസറ്റ് നം. തീയതി ജൂൺ 16, 2022 ഉം വിജ്ഞാപനം നം.ഡി.സി.എം.പി.എം/5445/2021 - എൽ.എ.2, തീയതി ജൂൺ 7, 2022 അറിയിപ്പ് പ്രകാരം കേരള സർക്കാർ കേരള വോളന്ററി ഹെൽത്ത് സർവ്വീസസിനെ ഈ പദ്ധതിയുടെ സാമൂഹിക പ്രത്യാഘാത പഠനം നടത്തുന്നതിനുള്ള യൂണിറ്റായി ഗവൺമെന്റ് ഗസറ്റിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ സാമൂഹിക പ്രത്യാഘാത യൂണിറ്റ് രൂപപ്പെടുത്തി.

**(ബി).സാമൂഹിക പ്രത്യാഘാത പഠന യൂണിറ്റ് ടീമിന്റെ ഘടനയും വിവരങ്ങളും**

| ക്രമ നം. | പേര്, മേൽവിലാസം | ടീമിലെ സ്ഥാനം | പ്രവർത്തന പരിചയവും മറ്റ് വിവരങ്ങളും |
|---|---|---|---|
| 1. | സാജു. വി.ഇട്ടി | റ്റീം ലീഡർ | 27 വർഷം സാമൂഹിക സേവന മേഖലയിൽ ഉള്ള പ്രവർത്തന പരിചയം. പുനരധിവാസ പുനസ്ഥാപന പ്രവർത്തനങ്ങളിലും സാമൂഹിക വിവരശേഖരണത്തിലും ഗവേഷണത്തിലും ഉള്ള പ്രവർത്തി പരിചയം. |
| 2. | രാകേഷ് ആർ. നായർ | പുനരധിവാസ പുനസ്ഥാപന വിദഗ്ദൻ സാമൂഹിക വിവര ശേഖകൻ | 12 വർഷത്തെ പ്രവർത്തന പരിചയം |
| 3. | സ്മിത ആർ | പുനരധിവാസ പുനസ്ഥാപന വിദഗ്ദ, സാമൂഹിക വിവര ശേഖരണം | 17 വർഷത്തെ പ്രവർത്തന പരിചയം |
| 4. | ഷീബ ജോൺസൻ | ഡേറ്റ അനലൈസർ & വിവര ക്രോഡീകരണം | 27 വർഷത്തെ പ്രവർത്തി പരിചയം |

KERALA V H S
MULLANKUZHY
KOTTAYAM-2
COLLECTORATE P.O.

**(സി).പഠന സമീപനം**

പഠനത്തിന്റെ ഭാഗമായി പ്രധാനപ്പെട്ട പദ്ധതി പങ്കാളികളെ സാമൂഹിക വിശകലനത്തിലൂടെ കണ്ടെത്തുകയും അവരുമായി ആശയ വിനിമയ സംവിധാനം രൂപപ്പെടുത്തുകയും പഠനത്തിന് അവരുടെ പങ്കാളിത്തം ഉറപ്പു വരുത്തുകയും ചെയ്തു. തുടർന്ന് വില്ലേജ് ഓഫീസ്, താലൂക്ക് ഓഫീസ്, മുനിസിപ്പാലിറ്റി, പഞ്ചായത്ത് എന്നിവിടങ്ങളിൽ നിന്ന് വിവരങ്ങൾ ശേഖരിക്കുകയും പദ്ധതി ബാധിതരുടെ വിവരശേഖരണത്തിനായി ഒരു ചോദ്യാവലി തയ്യാറാക്കുകയും ഉണ്ടായി. തയ്യാറാക്കിയ ചോദ്യാവലി ഉപയോഗിച്ച് സാമൂഹിക - സാമ്പത്തിക- സാംസ്കാരിക വിവരശേഖരണം നടത്തുകയും ആയത് ക്രോഡീകരിച്ച് വിശകലനം നടത്തുകയും ഉണ്ടായി. സാമൂഹിക പ്രത്യാഘാത പഠന യൂണിറ്റ് പദ്ധതി പ്രദേശത്ത് പദ്ധതി സംബന്ധമായി താൽപര്യമുള്ളവരുടെ അഭിപ്രായങ്ങൾ സ്വീകരിക്കുകയും ഉണ്ടായി. പദ്ധതി ബാധിതർക്ക് വേണ്ടി ആവശ്യമായ വ്യക്തിഗത പഠനങ്ങൾ നടത്തുകയും വിവരശേഖരണം ലക്ഷ്യമിട്ട് പദ്ധതി പ്രദേശവും സമീപ സ്ഥലങ്ങളും സന്ദർശിക്കുകയും ജനപ്രതിനിധികളുമായി ഒറ്റയ്ക്കും കൂട്ടായും കൂടിയാലോചനകൾ നടത്തുകയും അഭിപ്രായങ്ങൾ സ്വീകരിക്കുകയും ചെയ്തു. പദ്ധതി ഭൂമിയുടെ ഉടമസ്ഥനെയും നേരിൽ കണ്ട് വിവര ശേഖരണം നടത്തുകയുണ്ടായി.

**(ഡി). നടപടികളും സമയക്രമങ്ങളും**

16/06/2022 - സാമൂഹിക പ്രത്യാഘാത പഠന സംബന്ധമായ സർക്കാർ വിജ്ഞാപനം.
17/06/2022 - 18/06/2022 - സാമൂഹിക സർവ്വേ
20/07/2022 - കരട് റിപ്പോർട്ട്
06/08/2022 - പൊതു അഭിപ്രായ സ്വീകരണം
06/09/2022 - അന്തിമ റിപ്പോർട്ട്

**(ഇ).പദ്ധതി ബാധിതരുമായുള്ള കൂടിക്കാഴ്ചയിൽ ഉന്നയിക്കപ്പെട്ട പ്രധാന അഭിപ്രായങ്ങൾ**

1. സമയ ബന്ധിതമായ പദ്ധതി പൂർത്തീകരണം പ്രത്യാഘാതം കുറയ്ക്കാൻ സഹായകരമാണ്.

2. ന്യായമായ നഷ്ട പരിഹാരം ലഭ്യമായാൽ പദ്ധതിക്കുവേണ്ടി ഭൂമി വിട്ടുനൽകുവാൻ ഭൂവുടമകൾ തയ്യാറാണ്.

**(എഫ്). പൊതു അഭിപ്രായ സ്വീകരണം- മുടിക്കോട് വടക്കുപറമ്പ് അങ്കണവാടി (ഈസ്റ്റ്) തീയതി : 06/08/2022, സമയം : 3 പി.എം.**

06/08/2022 ൽ നടന്ന പൊതു അഭിപ്രായ സ്വീകരണത്തിൽ (ഫോറം-5, റൂൾ 14(1), ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസ



KERALA VHS MULLANKUZHY KOTTAYAM-2 COLLECTORATE P.O.

ത്തിനും പുനസ്ഥപാനത്തിനുമുള്ള അവകാശ നിയമവും ചട്ടങ്ങളും 2013) പദ്ധതി ബാധിതൻ ഉന്നയിച്ച പ്രധാന കാര്യങ്ങൾ.

പൊതു അഭിപ്രായ സ്വീകരണ സംബന്ധമായ അറിയിപ്പ് പ്രധാന ദിനപത്രങ്ങളായ ജനയുഗം, മംഗളം എന്നിവയിൽ പ്രസിദ്ധീകരിക്കുകയും, പദ്ധതി ബാധിതരുടെ മേൽവിലാസത്തിൽ പൊതു അഭിപ്രായ സ്വീകരണ യോഗം സംബന്ധമായ കത്ത് നൽകുകയും, വിശദമായ സന്ദേശം പദ്ധതി ബാധിതരുടെ ഫോണുകളിൽ നൽകുകയും, പദ്ധതി ബാധിതരെ ഫോണിൽ ബന്ധപ്പെടുകയും ഉണ്ടായി. ഇത് കൂടാതെ യോഗം സംബന്ധമായ അറിയിപ്പ് മുൻസിപ്പാലിറ്റി, വില്ലേജ് ഓഫീസ്, പഞ്ചായത്ത് ഓഫീസ് എന്നിവടങ്ങളിൽ പ്രസിദ്ധീകരിക്കുകയും, ഫോൺ വഴി അറിയിക്കുകയും ചെയ്തു. സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ടിന്റെ കരട്, നിയമം നിർദ്ദേശിക്കുന്ന എല്ലാ ഓഫീസുകളിലും പൊതുജനങ്ങളുടെ പരിശോധനയ്ക്ക് സഹായകരമായ വിധം പ്രസിദ്ധീകരിക്കുകയും യോഗ ദിവസം റിപ്പോർട്ടിന്റെ പകർപ്പുകൾ ആവശ്യമായ രീതിയിൽ വിതരണം ചെയ്യുകയും ചെയ്തു. യോഗത്തിൽ പഞ്ചായത്ത് ജനപ്രതിനിധികൾ, സ്പെഷ്യൽ തഹസിൽദാർ എൽ.എ, പി.ഡബ്ല്യു.ഡി. പാലങ്ങൾ വിഭാഗം എന്നിവിടങ്ങളിൽ അവരുടെ സാന്നിധ്യം ഉറപ്പാക്കുന്ന വിധം അറിയിപ്പുകൾ നൽകുകയും ഉണ്ടായി.

പൊതു അഭിപ്രായ സ്വീകരണ യോഗത്തിൽ ശ്രീ. അഡോട്ട് ചന്ദ്രൻ, പ്രസിഡന്റ്, ആനക്കയം ഗ്രാമ പഞ്ചായത്ത്, ശ്രീ. അബ്ദുൾ ഹമീദ് ഒ. റ്റി. , മെമ്പർ, വാർഡ് 8, ആനക്കയം ഗ്രാമ പഞ്ചായത്ത്, ശ്രീ. കെ. ശബരിനാഥൻ, വാല്യുവേഷൻ അസിസ്റ്റന്റ്, സ്പെഷ്യൽ തഹസിൽദാർ ഓഫീസ്, എൽ.എ. (ജെ.) മലപ്പുറം, ശ്രീ. സമീർ ബാബു വി. റെവന്യു ഇൻസ്പെക്ടർ, സ്പെഷ്യൽ തഹസിൽദാർ, എൽ.എ. (ജെ.) മലപ്പുറം, ശ്രീ. രാജേഷ് റ്റി. ഓവർസിയർ, പി.ഡബ്ല്യു.ഡി. ബ്രിഡ്ജസ്. മഞ്ചേരി. എന്നിവരും ഭൂ ഉടമസ്ഥരും പങ്കെടുത്തു.

പദ്ധതിബാധിതരായി കണ്ടെത്തിയ ഒൻപത് ഭൂ ഉടമസ്ഥരെയാണ് പൊതു അഭിപ്രായ സ്വീകരണത്തിനായി പ്രത്യേക നോട്ടീസിൽ ക്ഷണിച്ചത്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രദേശിക ജനപ്രതിനിധികൾ പ്രസിഡന്റ് എന്നിവർക്കും പ്രത്യേകം അറിയിപ്പ് നൽകിയിരുന്നു.

എന്നാൽ മദാരി വാഴത്തൊടി ഹംസ, അഹമ്മദ് മദാരി, മദാരി വാഴത്തൊടി, അബ്ദുള്ള എന്നിവർ യോഗത്തിന് എത്തുകയുണ്ടായില്ല. ഇതിൽ മദാരി വാഴത്തൊടി അബ്ദുള്ള പഠനത്തിന്റെ ഭാഗമായ ഭവന സന്ദർശനത്തിൽ പഠന യൂണിറ്റ് അംഗങ്ങൾക്ക് വിവരങ്ങൾ നൽകാൻ തയ്യാറാവുകയൊ, പഠനത്തോട് സഹകരിക്കുകയോ ചെയ്യുകയോ ഉണ്ടായില്ല. മദാരി വാഴത്തൊടി ഹംസ പഠന സമയത്ത് വിദേശത്ത് ആയിരുന്നു എങ്കിലും, ഫോണിൽ സംസാരിക്കാൻ തയ്യാറായി. ചില കുടുംബപരമായ അത്യാവശ്യംകൊണ്ടാണ് യോഗത്തിൽ പങ്കെടുക്കാത്തത് എന്ന് അറിയിക്കുകയും ഉണ്ടായി. തന്റെ ഭൂമി റോഡിനും, പാലത്തിനും വേണ്ടി മുൻകാലങ്ങളിൽ പലവുരു വിട്ടുതന്നിരുന്നു എന്നും, ഇപ്പോൾ പദ്ധതിയുമായി സഹകരിക്കാത്തത്, ഭൂമി ഏറ്റെടുക്കലിൽ തന്റെ മാത്രം ഭൂമി ഏറ്റെടുക്കുന്നതിൽ ഉള്ള അഭിപ്രായ വ്യത്യാസം മൂലം ആണ് എന്നും അറിയിച്ചു.



KERALA VHS
MULLANKUZHY
KOTTAYAM-2
COLLECTORATE P.O.

| ക്രമ നം. | അഭിപ്രായങ്ങൾ | വിശദീകരണം |
|---|---|---|
| 1. | **ശ്രീ. അഡോട്ട് ചന്ദ്രൻ, പ്രസിഡന്റ്, ആനക്കയം ഗ്രാമ പഞ്ചായത്ത്**<br><br>എല്ലാ പദ്ധതിബാധിതരെയും സഹതരിപ്പിക്കണം. ഭൂമി നഷ്ടപ്പെടുന്നവർക്ക് ന്യായമായ നഷ്ടപരിഹാരം നൽകണം. പഞ്ചായത്തിന്റെ എല്ലാ സഹായവും ഉണ്ടാവും. പദ്ധതിയുടെ പ്രാധാന്യം എല്ലാവരെയും ബോധ്യപ്പെടുത്തണം.<br><br>**ശ്രീ. അബ്ദുൾ ഹമീദ് ഒ. റ്റി. , മെമ്പർ, വാർഡ് 8, ആനക്കയം ഗ്രാമ പഞ്ചായത്ത്,**<br><br>പ്രധാന പദ്ധതിബാധിതർ എത്താത്തത് പരിശോധിക്കണം. അവരുടെ പ്രശ്നങ്ങൾ കേൾക്കണം. പദ്ധതി ആവശ്യമാണ്. ജനങ്ങൾക്ക് തോട്ടിലേക്ക് ഇറങ്ങാൻ ആവശ്യമായ സൗകര്യം ചെയ്ത് കൊടുക്കണം. തോടിന്റെ വശങ്ങൾ ഇടിയുന്നത് പാലത്തിന് ബലക്ഷയം ഉണ്ടാകുന്നുണ്ടോ എന്ന് പരിശോധിക്കണം.<br><br>**മുഹമ്മദ് മുസ്തഫ c/o അഹമ്മദ് കുട്ടി ഹാജി**<br><br>പദ്ധതി അത്യാവശ്യമാണ്. എന്നാൽ റോഡിന്റെ ശേഷഭാഗം കൂടി വീതി കൂട്ടണം. പാലംനിർമ്മാണത്തിന് ശേഷം രണ്ട് വശത്തും കര ഇടിഞ്ഞുകൊണ്ടിരിക്കുകയാണ് വേനൽക്കാലത്ത് പ്രദേശ വാസികൾ ജലത്തിനു വേണ്ടിയും, തുണി അലക്കുക, കാലികളെ കുളിപ്പിക്കുക | **ശ്രീ. കെ. ശബരിനാഥൻ, വാല്യുവേഷൻ അസിസ്റ്റന്റ്, സ്പെഷ്യൽ തഹസിൽദാർ ഓഫീസ്, എൽ.എ. (ജെ.) മലപ്പുറം,**<br><br>സാമൂഹ്യപ്രത്യാഘാത പഠനത്തിന് വിധേയമാക്കാൻ 4(1) നോട്ടിഫിക്കേഷനിലൂടെ ആവശ്യപ്പെട്ട ഭൂമിയുടെ ഉടമസ്ഥരായ 3 പേർ ഇന്നത്തെ യോഗത്തിന് എത്തിയില്ല എന്നുള്ളത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.<br><br>**ശ്രീ. രാജേഷ് റ്റി. ഓവർസിയർ, പി.ഡബ്ല്യു.ഡി. ബ്രിഡ്ജസ്. മഞ്ചേരി.**<br><br>യോഗത്തിന്റെ നിർദ്ദേശങ്ങൾ പൊതുമരാമത്ത് വകുപ്പിനെ അറിയിക്കുന്നതാണ്. |

KERALA VHS ★ MULLANKUZHY KOTTAYAM-2 ★ COLLECTORATE P.O.

| | | |
|---|---|---|
| | എന്നിവയ്ക്ക് വലിയതോതിൽ പുഴ ഉപയോഗിക്കുന്നു. എന്നാൽ വശങ്ങൾ ഇടിഞ്ഞതിനാൽ പുഴയുടെ അടുത്തേക്ക് എത്തപ്പെടാൻ കഴിയുന്നില്ല. അതിനുള്ള സൗകര്യം ഉണ്ടാക്കി തരണം.<br><br>**ഫാത്തിമ്മ, തയ്യിൽ**<br>ന്യായമായ നഷ്ടപരിഹാരം നൽകണം. | |

**1.7. പദ്ധതി പ്രദേശത്ത് ഉണ്ടായേക്കാവുന്ന പൊതുവായ പ്രത്യാഘാതം**

നിർദ്ദിഷ്ട പദ്ധതിയും അതിന്റെ തുടർ നടത്തിപ്പിന് വേണ്ടി വരുന്ന പശ്ചാത്തല സൗകര്യ വികസനവും പ്രദേശത്തിന്റെ പൊതുവായ വികസനത്തിന് നിർണ്ണായക ഘടകമാകാൻ സാധ്യതയുണ്ട്. കൂടാതെ പദ്ധതി മൂലം പരിഹരിക്കപ്പെടുന്ന കുടിവെള്ള പ്രശ്നം പദ്ധതി പ്രദേശത്തെ താമസ പ്രധാന മേഖലയായി വികസിപ്പിക്കുകയും അത് സാമൂഹിക - സാമ്പത്തിക -സാംസ്കാരിക പുരോഗതിക്ക് കാരണമാവുകയും ചെയ്യും.

**1.8. സാമൂഹിക പ്രത്യാഘാതം**

ഒൻപത് ഭൂ ഉടമസ്ഥരുടെ ഭൂമി നഷ്ടപ്പെടുന്നു എന്നുള്ളതാണ് പദ്ധതിയുടെ നേരിട്ടുള്ള പ്രത്യാഘാതം. അതിൽ ഒരു ഭൂഉടമസ്ഥന്റെ ഉടമസ്ഥതയിൽ ഉള്ള വാടക ഭവനത്തിന്റെ സമീപസ്ഥഭൂമിയും, മതിൽക്കെട്ടുമാണ് നഷ്ടപ്പെടുന്നത്. ശേഷിക്കുന്ന എട്ട് ഭൂ ഉടമസ്ഥരുടെ കാർഷികഭൂമിയുടെ, പൊതുമരാമത്ത് റോഡിന്റെ സമീപത്ത് ഉള്ള 0.5 മീറ്റർ വീതിയിലുള്ള ഭൂമിയാണ് നഷ്ടപ്പെടുന്നത്. ഇതിൽ നാല് ഭൂമിയുടെ പ്രവേശന മാർഗ്ഗം ബാധിക്കപ്പെടുന്നു. സംരക്ഷണ ഭിത്തി ഇപ്പോഴുള്ള ഭൂമിയുടെ തലത്തിൽനിന്നും ഉയരത്തിൽ നിർമ്മിക്കപ്പെടുന്ന സാഹചര്യത്തിൽ മാത്രമേ ഈ പ്രത്യാഘാതം പ്രത്യക്ഷത്തിൽ രൂപപ്പെടുത്തുകയുള്ളു. നാണ്യവിളകളായ കമുക്, തെങ്ങ്, റബ്ബർ എന്നിവയും ഏതാനും വാണിജ്യ മരങ്ങളും പാഴ്മരങ്ങളും നഷ്ടപ്പെടുന്നുണ്ട്.

എന്നാൽ ഇത് പദ്ധതിപ്രദേശത്തെ കാർഷിക ഉത്പാദനത്തെ യാതൊരു രീതിയിലും ബാധിക്കുന്നില്ല. മഞ്ചേരി മുൻസിപ്പാലിറ്റിയിൽ ഉൾപ്പെടുന്ന പദ്ധതിബാധിതനായ ഭൂ ഉടമസ്ഥന്റെ രണ്ടാമത്തെ ഭൂമിയാണ് മുടിക്കോട് - വള്ളുവനാട് റോഡിന് വേണ്ടി ഭൂമി നൽകുന്നതെന്ന് ടി ഭൂ ഉടവസ്ഥൻ ചൂണ്ടിക്കാണിക്കയുണ്ടായി.

**1.9. പുനരധിവാസ പുനസ്ഥാപന പ്രക്രിയയിൽ ഉൾപ്പെടുത്തേണ്ട നിബന്ധനകൾ**

ബാധകമല്ല

KERALA VHS MULLANKUZHY KOTTAYAM-2 COLLECTORATE P.O.

**1.10 .സാമൂഹിക പ്രത്യാഘാത പഠനത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതിക്ക് വരുത്തേണ്ട മാറ്റ ങ്ങളും കൂട്ടിചേർക്കേണ്ട കാര്യങ്ങളും**

ബാധകമല്ല

**1.11. പ്രത്യാഘാത ലഘൂകരണം**

| ക്രമ നം. | ഉണ്ടാകാവുന്ന നഷ്ടം | സമീപനം | സാധ്യമായ ലഘൂകരണ നടപടികൾ |
|---|---|---|---|
| 1 | ഭൂമിയുടെ ഭാഗിക നഷ്ടം | നഷ്ടപരിഹാരം | നഷ്ട പരിഹാരം നൽകുക |
| 2 | ചമയങ്ങളുടെ ഭാഗിക നഷ്ടം | നഷ്ട പരിഹാരം | നഷ്ട പരിഹാരം നൽകുക |
| 3 | കൃഷിഭൂമിയുടെ നഷ്ടം | നഷ്ട പരിഹാരം | മതിയായ നഷ്ടപരിഹാരം നൽകുക |
| 4 | നാണ്യ വിളകളുടെ നഷ്ടം | നഷ്ട പരിഹാരം | മതിയായ നഷ്ടപരിഹാരം നൽകുക |
| 5 | റോഡ് ഭവ നവുമായി വളരെ ചേർന്ന് പോകുന്നു. | സുരക്ഷിതത്തം പുനർവാസം | ഭവനത്തിന്റെ സുരക്ഷ ഉറപ്പാകത്തക്ക വിധം ഉള്ള നടപടികൾ സ്വീകരിക്കുക. നഷ്ട പരി ഹാരം നൽകുക |
| 6 | മരങ്ങളുടെ നഷ്ടം | നഷ്ട പരി ഹാരവും നിയന്ത്രണവും | മതിയായ നഷ്ട പരിഹാരം നൽകുകയും നഷ്ടപ്പെടുന്നതിന് തുല്യ എണ്ണം മരങ്ങൾ സർക്കാർ ഭൂമിയിലോ, സ്വകാര്യ ഭൂമിയിലോ നട്ടു വളർത്താൻ നടപടി സ്വീകരിക്കുക. |
| 7 | പദ്ധതി ബാധി തരെ ഭൂമി ഏറ്റെടു ക്കൽ നടപടിക്രമ ങ്ങളിൽ ഉൾപ്പെടു ത്തുക. | നിയന്ത്രണം | നടപടി ക്രമങ്ങളിൽ പദ്ധതി ബാധിതരുടെ പങ്കാളിത്തം ഉറപ്പു വരുത്തുക. |
| 8 | പരാതി പരിഹാരം | നിയന്ത്രണം | പ്രവർത്തന നിരതമായ പരാതി പരിഹാര കമ്മറ്റി ജില്ലാ തലത്തിലും പഞ്ചായത്ത് തല ത്തിലും പ്രവർത്തിക്കുക. |

**1.12. പ്രത്യാഘാത ലഘൂകരണ മാർഗ്ഗം- വിശദാംശങ്ങൾ**

| ക്രമ നം. | ഉണ്ടാകാവുന്ന നഷ്ടം | പോസിറ്റീവ്/ നെഗറ്റീവ് | സാധ്യതാ നിലവാരം | പ്രത്യാഘാത തീവ്രത | പ്രത്യാഘാതം - ലഘൂകരണത്തിന് മുമ്പ് | പ്രത്യാഘാതം - ലഘൂകരണത്തിന് ശേഷം | സാധ്യമായ ലഘൂകരണ നടപടികൾ |
|---|---|---|---|---|---|---|---|
| 1 | ഭൂമിയുടെ ഭാഗിക | നെഗറ്റീവ് | സാധ്യമാണ് | ലഘുവായ | മധ്യമം | കുറഞ്ഞ | നഷ്ട പരിഹാരം നൽകുക |

KERALA ... MULLANKUZHY KOTTAYAM-2 COLLECTORATE P.O.

| | | | | | | | |
|---|---|---|---|---|---|---|---|
| | നഷ്ടം | | | | | | |
| 2 | ചമയങ്ങളുടെ ഭാഗിക നഷ്ടം | നെഗറ്റീവ് | സാധ്യമാണ് | ലഘുവായ | കുറഞ്ഞത് | കുറഞ്ഞ | നഷ്ട പരിഹാരം നൽകുക |
| 3 | കൃഷിഭൂമിയുടെ നഷ്ടം | നെഗറ്റീവ് | സാധ്യമാണ് | ലഘുവായ | മധ്യമം | കുറഞ്ഞ | മതിയായ നഷ്ടപരിഹാരം നൽകുക |
| 4 | നാണ്യ വിളകളുടെ നഷ്ടം | നെഗറ്റീവ് | സാധ്യമാണ് | ലഘുവായ | മധ്യമം | കുറഞ്ഞത് | മതിയായ നഷ്ടപരിഹാരം നൽകുക |
| 5 | റോഡ് ഭവനവുമായി വളരെ ചേർന്ന് പോകുന്നു. | നെഗറ്റീവ് | സാധ്യമാണ് | ലഘുവായ | മധ്യമം | കുറഞ്ഞത് | ഭവനത്തിന്റെ സുരക്ഷ ഉറപ്പാകത്തക്ക വിധം ഉള്ള നടപടികൾ സ്വീകരിക്കുക. നഷ്ട പരിഹാരം നൽകുക |
| 6 | മരങ്ങളുടെ നഷ്ടം | നെഗറ്റീവ് | സാധ്യമാണ് | ലഘുവായ | കുറഞ്ഞ | കുറഞ്ഞ | മതിയായ നഷ്ട പരിഹാരം നൽകുകയും നഷ്ടപ്പെടുന്നതിന് തുല്യ എണ്ണം മരങ്ങൾ സർക്കാർ ഭൂമിയിലോ, സ്വകാര്യ ഭൂമിയിലോ നട്ടു വളർത്താൻ നടപടി സ്വീകരിക്കുക. |
| 7 | പദ്ധതി ബാധിതരെ ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങളിൽ ഉൾപ്പെടുത്തുക. | പോസിറ്റീവ് | സാധ്യമാണ് | ലഘുവായ | കുറഞ്ഞ | കുറഞ്ഞ | നടപടി ക്രമങ്ങളിൽ പദ്ധതി ബാധിതരുടെ പങ്കാളിത്തം ഉറപ്പു വരുത്തുക. |
| 8 | പരാതി പരിഹാരം | പോസിറ്റീവ് | സാധ്യമാണ് | ലഘുവായ | കുറഞ്ഞ | കുറഞ്ഞ | പ്രവർത്തന നിരതമായ പരാതി പരിഹാര കമ്മറ്റി ജില്ലാ തലത്തിലും പഞ്ചായത്ത് തലത്തിലും പ്രവർത്തിക്കുക. |

KERALA VHS MULLANKUZHY KOTTAYAM-2 COLLECTORATE P.O.

**1.13. സാമൂഹ്യ പ്രത്യാഘാത പരിഹാര നിർവ്വഹണ പദ്ധതിയുടെ സ്ഥാപന ഘടനാ സംവിധാനം**

| സാമൂഹ്യ പ്രത്യാഘാത പരിഹാര ഉത്തര വാദിത്തം | നിർവ്വഹിക്കുന്ന പ്രധാന വ്യക്തികൾ |
|---|---|
| ജില്ലാ കളക്ടർ | നഷ്ട പരിഹാര നിർണ്ണയവും പരാതി പരിഹാരവും |
| ഡെപ്യൂട്ടി കളക്ടർ (ഭൂമി ഏറ്റെടുക്കൽ) | ഭൂമി ഏറ്റെടുക്കൽ, നഷ്ട പരിഹാര നിർണ്ണയം |
| സ്പെഷ്യൽ തഹസിൽദാർ | ഭൂമി ഏറ്റെടുക്കൽ, നഷ്ട പരിഹാര നിർണ്ണയം |
| പൊതുമരാമത്ത് വകുപ്പ് (പാലങ്ങൾ വിഭാഗം) | നടപ്പാക്കൽ ഏജൻസി |
| ജില്ലാ ഫോറസ്റ്റ് ഓഫീസർ | മരങ്ങളുടെ നഷ്ടപരിഹാരം നിർണ്ണയിക്കൽ |
| റിക്വസിഷൻ അധികാരികൾ | പുനരധിവാസവും പുനസ്ഥാപനവും |

**1.14- സാമൂഹിക പ്രത്യാഘാത കാര്യ നിർവ്വഹണ പദ്ധതി-പ്രധാനപ്പെട്ട മേൽനോട്ട വിലയിരുത്തൽ സൂചകങ്ങൾ**

- നഷ്ടപരിഹാരം കണക്കാക്കുവാൻ ഉപയോഗിച്ച മാനദണ്ഡങ്ങൾ.
- പരാതി പരിഹാര സമിതിയുടെ രൂപീകരണം.
- പുനരധിവാസത്തിനും പുനസ്ഥാപനത്തിനും വേണ്ടി വരുന്ന സമയം.
- നഷ്ടപരിഹാര വിനിയോഗം
- പരാതി പരിഹാര സമിതി നടത്തിയ യോഗങ്ങൾ, തീരുമാനങ്ങൾ
- കോടതി കേസുകളുടെ എണ്ണം

**1.15. സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ**

നടപ്പാക്കപ്പെട്ടതും പ്രാദേശിക വികസനത്തിന് വലിയ സംഭാവന നൽകിയതുമായ ഒരു അടിസ്ഥാന സൗകര്യത്തിന്റെ സുരക്ഷിതത്വത്തിനും പൂർണ്ണ ഉപയോഗത്തിനുമുള്ള പദ്ധതി എന്നുള്ള നിലയിൽ പദ്ധതിയുടെ പൊതുതാത്പര്യം സുവ്യക്തമാണ്. പദ്ധതിമൂലം പദ്ധതിബാധിതർക്ക് അവരുടെ ജീവനോപാധിയോ, ഭവനമോ നഷ്ടപ്പെടുന്നില്ല എന്നുള്ളതും, പദ്ധതി കാർഷിക ഉൽപ്പാദനത്തെ ബാധിക്കുന്നില്ല എന്നതും പരിഗണിക്കുമ്പോൾ പദ്ധതിയുടെ പ്രത്യാഘാതം ലഘുതരം എന്ന് കണക്കാക്കാവുന്നതാണ്.

എന്നാൽ തന്റെ ഭൂമി പാലത്തിന്റെ നിർമ്മാണ സമയത്തും, തുടർന്ന് നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടിയും ഏറ്റെടുക്കുകയും, തന്റെ സമീപസ്ഥരായ ഭൂ ഉടമസ്ഥർക്ക് യാതൊരുവിധ പ്രത്യാഘാതവും ഉണ്ടാവുന്നില്ല എന്നുള്ള പദ്ധതിബാധിതനായ ഭൂ ഉടമസ്ഥൻന്റെ പരാതി ശരിയായ സാങ്കേതിക വിശകലനത്തിലൂടെ മനസ്സിലാക്കി നൽകുന്നത് പദ്ധതിയുടെ

KERALA V H S MULLANKUZHY KOTTAYAM-2 COLLECTORATE P.O.

പ്രത്യാഘാത ലഘൂകരണത്തിനും, ഭാവിയിൽ ഉണ്ടാകാവുന്ന തർക്കങ്ങൾക്കും പരിഹാരമാർഗ്ഗമാണ്.

ഏതാനും കൃഷിയിടങ്ങളിലേക്ക് ഉള്ള പ്രവേശനമാർഗ്ഗം ലെവൽസ്സിലെ വ്യത്യാസം മൂലം തടസ്സപ്പെടാൻ സാധ്യതയുണ്ട്. ആയത് പുനസ്ഥാപിക്കുന്നതിന് ആവശ്യമായ നടപടികൾ പദ്ധതി നിർവ്വഹണത്തിൽ ഉണ്ടാവേണ്ടത് പ്രത്യാഘാത ലഘൂകരണത്തെ സഹായിക്കും. ന്യായമായ നഷ്ടപരിഹാരം നൽകണം എന്ന പൊതു ആവശ്യം എല്ലാ പദ്ധതിബാധിതരും രേഖപ്പെടുത്തുകയുണ്ടായി. മേൽ സൂചിപ്പിച്ചപ്പോലെ പദ്ധതി, പ്രാദേശിക വികസനത്തിന് വലിയ സംഭാവന നൽകിയ അടിസ്ഥാന സൗകര്യ വികസന പദ്ധതിയുടെ സുരക്ഷിതത്വത്തിനും, പൂർണ്ണ ഉപയോഗത്തിനും ആവശ്യമാണ് എന്നതും പരിഗണിക്കേണ്ടതാണ്.

മേൽപ്പറഞ്ഞ കാര്യങ്ങൾ സൂചിപ്പിക്കുന്നത് ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും പുനരധിവാസത്തിനും പുനസ്ഥാപനത്തിനും ഉള്ള അവകാശ നിയമം 2013 (30-2013) സെക്ഷൻ 2(1)(ബി)(ശശശ) പ്രകാരം പൊതു താൽപ്പര്യ പദ്ധതിയായി കണക്കാക്കാവുന്നതും ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങളുമായി മുന്നോട്ടു പോകാവുന്നതും ആണ്.

സാജു വി.ഇട്ടി
**ചെയർമാൻ**
**സാമൂഹ്യ പ്രത്യാഘാത യൂണിറ്റ്**

**അനുബന്ധരേഖകൾ**

1. **പദ്ധതി ബാധിതരുടെ പേരു വിവരങ്ങൾ**
2. **ഫോട്ടോഗ്രാഫ്**
3. **പത്രപ്പരസ്യം (ഫോറം. നം. 5 നോട്ടിഫിക്കേഷൻ)**
4. **നോട്ടീസ്**
5. **പൊതു അഭിപ്രായ സ്വീകരണ ഹാജർ**
6. **ഗസറ്റ് നോട്ടിഫിക്കേഷൻ**

KERALA V H S MULLANKUZHY KOTTAYAM-2 COLLECTORATE P.O.

## ഏറനാട് താലൂക്ക് മുടിക്കോട് പാലം അപ്രോച്ച് റോഡ് നിർമ്മാണം.
## പയ്യനാട് , പന്തല്ലൂർ വില്ലേജ്

### പദ്ധതി ബാധിതരുടെ പേര് വിവരങ്ങൾ

| ക്രമ നം. | സർവ്വേ /നമ്പർ | പേരും മേൽവിലാസവും | ഫോൺ നമ്പർ | ബാധിക്കപ്പെടുന്ന വസ്തുവിന്റെ വിവരണം |
|---|---|---|---|---|
| 1 | 671/5 | മദാരി വാഴത്തൊടി ഹംസ<br>നെല്ലിക്കുത്ത് പി.ഒ.,<br>വഴി മഞ്ചേരി | 9497204787<br>(ബന്ധു) | കൽക്കെട്ട്, സ്ഥലം |
| 2 | 215/3 | അഹമ്മദ് മദാരി, മുതൽപേർ<br>പള്ളിയാലിൽ<br>കടമ്പോട് പി.ഒ.,<br>വഴി മഞ്ചേരി, പിൻ - 676 521 | 9846108606 | സ്ഥലം |
| 3 | 215 | അഹമ്മദ്കുട്ടി ഹാജി<br>മുതുവല്ലൂർ ചുണ്ടമണ്ണിൽ ഹൗസ്,<br>കടമ്പോട് പി.ഒ., വഴി മഞ്ചേരി,<br>പിൻ - 676 521 | 944693199980 | സ്ഥലം |
| 4 | 216/11 | ഹംസ (late)<br>നുസൈബ, സെഫീയ മുതൽപേർ<br>ചക്കി പറമ്പൻ ഹൗസ്,<br>കടമ്പോട് പി.ഒ.,<br>വഴി മഞ്ചേരി, പിൻ - 676 521 | 9072731207 | സ്ഥലം |
| 5 | 216/11 | ഫാത്തിമ്മ സുഹറ<br>w/o. അഹമ്മദ്<br>കലകപ്പാറ, വടക്കുപറമ്പ്,<br>കടമ്പോട് പി.ഒ.,<br>വഴി മഞ്ചേരി, പിൻ - 676 521 | 9605884383 | സ്ഥലം |
| 6 | 216/3 | അബ്ദുള്ള,<br>കപ്പിക്കുഴിയിൽ, കടമ്പോട് പി.ഒ.,<br>വഴി മഞ്ചേരി, പിൻ - 676 521 | 9846943201 | സ്ഥലം |
| 7 | 216/3 | മദാരി വാഴത്തൊടി അബ്ദുള്ള<br>നെല്ലിക്കുത്ത് പി.ഒ.,<br>വഴി മഞ്ചേരി | | സ്ഥലം |
| 8 | 216 | ഫാത്തിമ്മ,<br>തയ്യിൽ, കടമ്പോട് പി.ഒ.,<br>വഴി മഞ്ചേരി, പിൻ - 676 521 | 9446769185 | സ്ഥലം |
| 9 | 216/1 | സൈനബ,<br>തയ്യിൽ, കടമ്പോട് പി.ഒ.,<br>വഴി മഞ്ചേരി, പിൻ - 676 521 | | |

KERALA VHS
MULLANKUZHY
KOTTAYAM-2
COLLECTORATE P.O.


# PHOTOGRAPHS













KERALA V H S
MULLANKUZHY
KOTTAYAM-2
COLLECTORATE P.O.

## PUBLIC HEARING











KERALA V H S
MULLANKUZHY
KOTTAYAM-2
COLLECTORATE P.O.

ജനയുഗം 2022 ജൂലൈ 22 വെള്ളി

ഫാറം 5 ചട്ടം 14 (1) വിജ്ഞാപനം തീയതി : 15/07/2022

ചുവടെ പട്ടികയിൽ വിവരിക്കുന്ന മലപ്പുറം ജില്ലയിൽ ഏറനാട് താലൂക്കിലെ പയ്യനാട്, പന്തല്ലൂർ വില്ലേജുകളിൽ ഉൾപ്പെടുന്ന ഭൂമി ഒരു പൊതു ആവശ്യത്തിലേക്കായി അതായത് മുടിക്കോട് പാലം അപ്രോച്ച് റോഡ് നിർമ്മാണത്തിന് വേണ്ടി ആവശ്യമുണ്ടെന്നോ, ആവശ്യമുണ്ടായേക്കാമെന്നോ കേരള സർക്കാരിന് ബോധ്യപ്പെട്ടതിനാലും, ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും, പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ലെ (2013 ലെ 30-ാം കേന്ദ്ര ആക്ട്) 4-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പ് അനുസരിച്ച് കേരളാ ഗസറ്റ് തീയതി 2022 ജൂൺ 16, നം. 1990, വിജ്ഞാപനം ഡി.സി.എം.പി.എം./5445/ 2021 - എൽ.എ2. തീയതി. 2022 ജൂൺ 7. അറിയിപ്പ് പ്രകാരം താഴെപ്പറയുന്ന പട്ടികയിൽ വിവരിക്കുന്ന പ്രദേശത്ത് ഒരു സാമൂഹിക ആഘാത പഠനവിലയിരുത്തൽ നടത്താൻ തീരുമാനിച്ചിട്ടുള്ളതാണ്. ആയതിനാൽ ആക്ടിൽ പരാമർശിക്കും പ്രകാരം സാമൂഹിക പ്രത്യാഘാത പഠനറിപ്പോർട്ട് തയ്യാറാക്കുന്നതിന് താഴെ പട്ടികയിൽ വിവരിക്കുന്ന ഭൂമിയിൽ ഉടമസ്ഥതയോ, അവകാശമോ, താൽപ്പര്യങ്ങളോ ഉള്ള താങ്കളോ, താങ്കൾ ചുമതലപ്പെടുത്തുന്ന ആളുകളോ 2022-ാം മാണ്ട് ആഗസ്റ്റ് 6-ാം തീയതി 3 മണിക്ക് മുടിക്കോട് വടക്കുപറമ്പ് അങ്കണവാടി (ഈസ്റ്റ്)യിൽ വച്ച് നടത്തുന്ന പൊതു അഭിപ്രായ സ്വീകരണ യോഗത്തിൽ പങ്കെടുക്കണമെന്ന് ഇതിനാൽ അറിയിക്കുന്നു.

| ക്രമ. നം. | സർവ്വേ നം. | വിവരണം | വി. ഹെ | പേര് |
|---|---|---|---|---|
| 1 | പയ്യനാട് വില്ലേജ് 671/5 | പുരയിടം | 0.0193 | മദാരി വാഴത്തൊടി ഹംസ, അഹമ്മദ് മദാരി, മുതൽപേർ, അഹമ്മദ്കുട്ടി ഹാജി, ഹംസ (late)സൈബ, സെഫീയ മുതൽപേർ, ഫാത്തിമ സുഹറ w/o അഹമ്മദ് അബ്ദുള്ള, മദാരി വാഴത്തൊടി അബ്ദുള്ള, ഫാത്തിമ്മ |
| 2 | പന്തല്ലൂർ വില്ലേജ് 215/3,216/1, 216/3 | പുരയിടം | 0.0090 | |
| | ആകെ വിസ്തീർണ്ണം | | 0.0283 | |

ചെയർമാൻ, സാമൂഹിക ആഘാത പഠന യൂണിറ്റ്

മംഗളം 2022 ജൂലൈ 22
വെള്ളി CLT / KNR

ഫാറം 5 ചട്ടം 14 (1) വിജ്ഞാപനം തീയതി : 15/07/2022

ചുവടെ പട്ടികയിൽ വിവരിക്കുന്ന മലപ്പുറം ജില്ലയിൽ ഏറനാട് താലൂക്കിലെ പയ്യനാട്, പന്തല്ലൂർ വില്ലേജുകളിൽ ഉൾപ്പെടുന്ന ഭൂമി ഒരു പൊതു ആവശ്യത്തിലേക്കായി അതായത് മുടിക്കോട് പാലം അപ്രോച്ച് റോഡ് നിർമ്മാണത്തിന് വേണ്ടി ആവശ്യമുണ്ടെന്നോ, ആവശ്യമുണ്ടായേക്കാമെന്നോ കേരള സർക്കാരിന് ബോധ്യപ്പെട്ടതിനാലും, ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ലെ (2013 ലെ 30-ാം കേന്ദ്ര ആക്ട്) 4-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പ് അനുസരിച്ച് കേരളാ ഗസറ്റ് തീയതി 2022 ജൂൺ 16, നം. 1990, വിജ്ഞാപനം ഡി.സി.എം.പി.എം./5445/ 2021 - എൽ.എ2. തീയതി, 2022 ജൂൺ 7, അറിയിപ്പ് പ്രകാരം താഴെപ്പറയുന്ന പട്ടികയിൽ വിവരിക്കുന്ന പ്രദേശത്ത് ഒരു സാമൂഹിക ആഘാത പഠനവിലയിരുത്തൽ നടത്താൻ തീരുമാനിച്ചിട്ടുള്ളതാണ്. ആയതിനാൽ ആക്ടിൽ പരാമർശിക്കും പ്രകാരം സാമൂഹിക പ്രത്യാഘാത പഠനറിപ്പോർട്ട് തയ്യാറാക്കുന്നതിന് താഴെ പട്ടികയിൽ വിവരിക്കുന്ന ഭൂമിയിൽ ഉടമസ്ഥതയോ, അവകാശമോ, താൽപ്പര്യങ്ങളോ ഉള്ള താങ്കളോ, താങ്കൾ ചുമതലപ്പെടുത്തുന്ന ആളുകളോ 2022-ാം മാണ്ട് ആഗസ്റ്റ് 6-ാം തീയതി 3 മണിക്ക് മുടിക്കോട് വടക്കുപറമ്പ് അങ്കണവാടി (ഈസ്റ്റ്)യിൽ വച്ച് നടത്തുന്ന പൊതു അഭിപ്രായ സ്വീകരണ യോഗത്തിൽ പങ്കെടുക്കണമെന്ന് ഇതിനാൽ അറിയിക്കുന്നു.

| ക്രമ. നം. | സർവ്വേ നം. | വിവരണം | വി. ഹെ | പേര് |
|---|---|---|---|---|
| 1 | പയ്യനാട് വില്ലേജ് 671/5 | പുരയിടം | 0.0193 | മദാരി വാഴത്തൊടി ഹംസ, അഹമ്മദ് മദാരി, മുതൽപേർ, അഹമ്മദ്കുട്ടി ഹാജി, ഹംസ (late)സൈബ, സെഫീയ മുതൽപേർ, ഫാത്തിമ്മ സുഹറ w/o. അഹമ്മദ് അബ്ദുള്ള, മദാരി വാഴത്തൊടി അബ്ദുള്ള, ഫാത്തിമ്മ, |
| 2 | പന്തല്ലൂർ വില്ലേജ് 215/3,216/1, 216/3 | പുരയിടം | 0.0090 | |
| ആകെ വിസ്തീർണ്ണം | | | 0.0283 | |

ചെയർമാൻ, സാമൂഹിക ആഘാത പഠന യൂണിറ്റ്

സ്വീകർത്താവ്

## നോട്ടീസ് / അറിയിപ്പ്

മലപ്പുറം ജില്ലയിൽ ഏറനാട് താലൂക്കിലെ പയ്യനാട്, പന്തല്ലൂർ വില്ലേജുകളിൽ ഉൾപ്പെടുന്ന ഭൂമി ഒരു പൊതു ആവശ്യത്തിലേക്കായി അതായത് മുടിക്കോട് പാലം അപ്രോച്ച് റോഡ് നിർമ്മാണത്തിന് വേണ്ടി ആവശ്യമുണ്ടെന്നോ, ആവശ്യമുണ്ടായേക്കാമെന്നോ കേരള സർക്കാരിന് ബോധ്യപ്പെട്ടതിനാലും, ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ലെ (2013 ലെ 30-ാം കേന്ദ്ര ആക്ട്) 4-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പ് അനുസരിച്ച് കേരളാ ഗസറ്റ് തീയതി 2022 ജൂൺ 16, നം. 1990, വിജ്ഞാപനം ഡി.സി.എം.പി.എം./5445/ 2021 - എൽ.എ2. തീയതി, 2022 ജൂൺ 7, അറിയിപ്പ് പ്രകാരം ടി പ്രദേശത്ത് ഒരു സാമൂഹിക ആഘാത പഠന വിലയിരുത്തൽ നടത്താൻ തീരുമാനിച്ചിട്ടുള്ളതാണ്. ആയതിനാൽ ആക്ടിൽ പരാമർശിക്കും പ്രകാരം സാമൂഹിക പ്രത്യാഘാത പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഏറ്റെടുക്കുന്ന ഭൂമിയിൽ ഉടമസ്ഥതയോ, അവകാശമോ, താൽപ്പര്യങ്ങളോ ഉള്ള താങ്കളോ, താങ്കൾ ചുമതലപ്പെടുത്തുന്ന ആളുകളോ **2022-ാം മാണ്ട് ആഗസ്റ്റ് 6-ാം തീയതി ഉച്ചകഴിഞ്ഞ് 3 മണിക്ക് മുടിക്കോട് വടക്കുപറമ്പ് അങ്കണവാടി (ഈസ്റ്റ്)** ൽ വച്ച് നടത്തുന്ന പൊതു അഭിപ്രായ സ്വീകരണ യോഗത്തിൽ പങ്കെടുക്കണമെന്ന് ഇതിനാൽ അറിയിക്കുന്നു.

സ്ഥലം : കോട്ടയം
തീയതി : 20/07/2022

ചെയർമാൻ
സാമൂഹിക പ്രത്യാഘാത പഠനയൂണിറ്റ്

സാമൂഹിക പ്രത്യാഘാത പഠനം
മുടിക്കോട് പാലം അപ്രോച്ച് റോഡ് നിർമ്മാണം
പന്തല്ലൂർ, പയ്യനാട് വില്ലേജുകൾ, ഏറനാട് താലൂക്ക്, മലപ്പുറം ജില്ല
0.0283 ഹെക്ടർ

**പൊതു അഭിപ്രായ സ്വീകരണ യോഗം**

സ്ഥലം : മുടിക്കോട് വടക്കുപറമ്പ് അങ്കണവാടി (ഈസ്റ്റ്)
<u>തീയതി : 2022 ആഗസ്റ്റ് 6, ഉച്ചകഴിഞ്ഞ് 3 മണി</u>

| ക്രമ നം. | പേരും മേൽവിലാസവും | ഫോൺ നമ്പർ | ഒപ്പ് |
|---|---|---|---|
| 1. | സമീർ ബാബു.വി<br>വെൽഫെയർ ഇൻസ്പെക്ടർ<br>എൽ.എ (ജി) മലപ്പുറം | 8157887601 | [signature] |
| 2. | അബ്ദുൽ ഹമീദ്.O.T.<br>മെമ്പർ - വാർഡ്-8.<br>ആനക്കയം പഞ്ചായത്ത് | 8113855516 | [signature] |
| 3. | കെ.ശശിനാഥൻ<br>വി.ഒ. സ്പെ.തഹസിൽ<br>ദാരുടെ കാര്യാലയം (LA-G)<br>മലപ്പുറം | ~~8~~ 9544059263 | [signature] |
| 4 | ഞെടോട് ചന്ദ്രൻ<br>പ്രസിഡന്റ്<br>ആനക്കയം ഗ്രാമപഞ്ചായത്ത് | 9446634491 | [signature] |
| 5 | Ahammed Kutty haji. MC<br>Mathuvallay Chundamanni (H)<br>Mudikkode, Kadambode(PO)<br>Mohammed Musthafa. MC | 9446931999 | [signature] |
| 6 | Fathima Suhara [signature]<br>Kalakkappara. | 9605884383 | [signature] |
| 7 | മൊയ്തീൻ പെരുമ്പള്ളി.<br>[illegible] | 9946817621 | [signature] |
| 8 | [illegible] | 9846543201 | [signature] |

| ക്രമ നം. | പേരും മേൽവിലാസവും | ഫോൺ നമ്പർ | ഒപ്പ് |
|---|---|---|---|
| 9 | സഫിയ<br>ചുങ്കിലസൻ | 9745038437 | |
| 10 | Rajesh.T, overseer<br>PW.D Bridges<br>Manjeri | 9995607525 | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |

©
കേരള സർക്കാർ
Government of Kerala
2022

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY
ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 11<br>Vol. XI | തിരുവനന്തപുരം,<br>വ്യാഴം<br>Thiruvananthapuram,<br>Thursday | 2022 ജൂൺ 16<br>16th June 2022<br>1197 മിഥുനം 2<br>2nd Mithunam 1197<br>1944 ജ്യേഷ്ഠം 26<br>26th Jyaishta 1944 | നമ്പർ<br>No. 1990 |

FORM NO. 4

[*See* Rule 11(3)]

NOTIFICATION

No. DCMPM/5445/2021-LA2. *7th June, 2022.*

WHEREAS, it appears to the appropriate Government and the District Collector, Malappuram that the land specified in the schedule below is needed or likely to be needed for a public purpose, to wit for "Land Acquisition for the Construction of Mudikkode Bridge and its Approch Road at Pandallur and Payyanad Villages of Eranad Taluk" in Malappuram District;

WHEREAS, in exercise of powers conferred by the provisions to clause (e) of Section 8 of the Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act, 2013 (Central Act 30 of 2013) Government of Kerala have notified

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

and authorised the District Collector as appropriate Government as per G. O. (P) No. 376/2016/RD dated 29-6-2016 published S. R. O. No. 468/16, in Kerala Gazette dated 8-7-2016 for the purpose of acquisition of land not exceeding 200 Ares in a District for public purpose;

AND WHEREAS, in exercise of powers conferred in sub-section (1) of section 4 of the Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act, 2013 (Central Act 30 of 2013) the Appropriate Government and the District Collector, Malappuram, have decided to conduct a Social Impact Assessment in the area specified in the schedule below;

Now, THEREFORE, sanction is accorded to the State Level Social Impact Assessment Unit "Sri Saju V. Itty, Executive Director, Kerala Voluntary Health Services, Mullankuzhi, Collectorate P. O., Kottayam, PIN-686 002" to conduct a Social Impact Assessment Study and to prepare a Social Impact Management Plan as provided in the Act. The process shall be completed within a period of 40 days, not exceeding six months in any case;

SCHEDULE

*District*—Malappuram. *Taluk*—Eranad.

<table>
<tr><th>Sl. No.</th><th>Survey No.</th><th>Description</th><th>Extent (in Hectares) (Approximate)</th></tr>
<tr><td colspan="3">Village or Amsom—Pandallur.</td><td>Block No—47.</td></tr>
<tr><td>1</td><td>215/3</td><td>Purayidam (Dry Land)</td><td rowspan="3">0.0090</td></tr>
<tr><td>2</td><td>216/1</td><td>Purayidam (Dry Land)</td></tr>
<tr><td>3</td><td>216/3</td><td>Purayidam (Dry Land)</td></tr>
<tr><td colspan="3">Village or Amson—Payyanad.</td><td>Desom—Nellikuth.</td></tr>
<tr><td>1</td><td>671/5</td><td>Sthira Puncha ( Dry Land)</td><td>0.0193</td></tr>
<tr><td></td><td colspan="2">Total</td><td>0.0283</td></tr>
</table>

(Sd.)
DISTRICT COLLECTOR,
*Malappuram.*

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2022

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2022.06.16 08:39:54 +05:30